(ഡി) ധാരണയായ ഏതെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തുകയുണ്ടായി;

(ഇ) പ്രവാസി മലയാളികൾ ഇപ്പോൾ നിക്ഷേപം സംബന്ധിച്ച് എന്തെങ്കിലും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടോ;

(എഫ്) നിക്ഷേപം വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ചാനലൈസ് ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. പ്രവാസി നിക്ഷേപ സമാഹരണത്തിന് സർക്കാർ എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി,സി) കേരളത്തിലെ മാറിയ നിക്ഷേപ സാഹചര്യങ്ങളെപ്പറ്റിയും നിക്ഷേപത്തിന് സംസ്ഥാനത്ത് ലഭ്യമായ അനന്ത സാദ്ധ്യതകളെപ്പറ്റിയും ആഗോള തലത്തിൽ പ്രചാരണവും ബോധവൽക്കരണവും നടത്തി നിക്ഷേപകരെ ആകർഷിക്കുക എന്നതായിരുന്നു ജിം-ന്റെ ലക്ഷ്യം. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ 1450.50 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 15 പദ്ധതികൾക്കാണ് 'ജിം'ൽ പ്രവാസികളുമായി ധാരണാപത്രം ഒപ്പുവച്ചത്.

കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ടി ധാരണയിലെത്തിയത് 10 പദ്ധതികൾക്കാണ്.

(ഡി) പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലാണ്; നടപ്പിൽ വന്നുകഴിഞ്ഞിട്ടില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിലെ ഭരണനവീകരണ പരിപാടികൾ

* 5 [817] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ബാലൻ :
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമവകുപ്പിൽ നടപ്പിലാക്കുവാൻ ആലോചിക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി 2003 ജൂലൈ 16 മുതൽ 18 വരെ എം. ജി. പി. സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യക്ഷേമവകുപ്പ് നടത്തിവരുന്ന ക്ഷേമസ്ഥാപനങ്ങൾ എൻ. ജി. ഒ. (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ) സംഘടനകളെ ഏൽപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സാമൂഹ്യക്ഷേമവകുപ്പിൽ ഇപ്പോൾ വകുപ്പിന് പുറത്തുനിന്ന് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവർ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(എഫ്) സാമൂഹ്യക്ഷേമവകുപ്പ് സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി അഗതികൾക്കും ആലംബഹീനർക്കും വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി സാമൂഹ്യക്ഷേമവകുപ്പ് വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) അഗതികൾക്കും ആലംബഹീനർക്കുമായി വിഭാവനം ചെയ്തിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആക്ഷൻ പ്ലാൻ ചർച്ച ചെയ്യുകയാണുണ്ടായത്. തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) സാമൂഹ്യക്ഷേമവകുപ്പിൽ ഇപ്പോൾ കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നില്ല.

(എഫ്) ഇല്ല.

തിരുവനന്തപുരം-കോഴിക്കോട് കപ്പൽ സർവ്വീസ്

* 6 [818] ശ്രീ. തോമസ് ചാഴികാടൻ :
„ കെ. നാരായണക്കുറുപ്പ് :
„ റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോഴിക്കോട് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ സർക്കാരിന് പരിപാടിയുണ്ടോ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly